തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ


വാല്യം 23 | 2018 മാർച്ച് | ലക്കം 3



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
22-ാം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ
അഭിവന്ദ്യ മെത്രാപ്പോലീത്താമാർ സഭയുടെ
പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ
തിരുമേനിയോടൊപ്പം

(കാതോലിക്കേറ്റ് സെന്റർ പട്ടം, 2018 ഫെബ്രുവരി 19 - 23)


# സി.ബി.സി.ഐ. യുടെ പുതിയ നേതൃത്വം



അത്യുന്നത കർദ്ദിനാൾ
ഒസ്‌വാൾഡ് ഗ്രേഷ്യസ് തിരുമേനി
(പ്രസിഡന്റ്)



അഭിവന്ദ്യ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് തിരുമേനി
(ഒന്നാം വൈസ് പ്രസിഡന്റ്)



അഭിവന്ദ്യ മാർ ജോർജ്ജ്
ഞരളക്കാട്ട് തിരുമേനി
(രണ്ടാം വൈസ് പ്രസിഡന്റ്)

## തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ

# നാമഹേതുക തിരുനാളാശംസകൾ



ആർച്ചുബിഷപ്പ്
അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി
(മാർച്ച് 18)

മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 2018 മാർച്ച് ലക്കം 3

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
**കാതോലിക്കാ ബാവായിൽ** നിന്നും നമ്മുടെ
അധികാരത്തിൻകീഴുള്ള മേൽപ്പട്ടക്കാർക്കും
കോർ എപ്പിസ്‌ക്കോപ്പാമാർക്കും റമ്പാൻമാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 1/2018

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിനു സ്തുതി.

**തോമസ് മാർ ദിയസ്‌കോറോസ് മെത്രാപ്പോലീത്തായുടെ 75-ാം ഓർമ്മപ്പെരുന്നാൾ**

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്‌ക്കോപ്പാമാരേ, റമ്പാൻമാരേ,** ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

പുനഃരൈക്യത്തിലൂടെ സാർവ്വത്രിക സഭാഗാത്രത്തോട് ചേർക്കപ്പെടുകയും നോമ്പും പ്രാർത്ഥനയും ജാഗരണവും തപസ്സും വഴി മലങ്കര പുനഃരൈക്യത്തെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്ത പുണ്യശ്ലോകനായ ഒറ്റത്തൈയ്ക്കൽ തോമസ് മാർ ദിയസ്‌കോറോസ് മെത്രാപ്പോലീത്തായുടെ എഴുപത്തി അഞ്ചാമത് ഓർമ്മപ്പെരുന്നാൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ വന്ദ്യതിരുമേനി കബറടങ്ങിയിരിക്കുന്ന തിരുമൂലപുരം സെന്റ് മേരീസ് മലങ്കര സുറിയാനി ഇടവക ദൈവാലയം കേന്ദ്രമാക്കി ഈ മാസം 22, 23, 24 (വ്യാഴം, വെള്ളി, ശനി) തീയതി

കളിൽ സമുചിതമായി ആചരിക്കുകയാണ്. ആഴമേറിയ ആദ്ധ്യാത്മികതയുടെ ഉടമയായിരുന്ന അഭിവന്ദ്യ പിതാവിന്റെ ചരമ പ്ലാറ്റിനം ജൂബിലി തീർത്തും ആദ്ധ്യാത്മികമായ ശുശ്രൂഷകളോടെ നടത്തുവാനാണ് ആഗ്രഹിക്കുന്നത്. തിരുവല്ലാ അതിഭദ്രാസനത്തിന്റെ പ്രത്യേക നേതൃത്വത്തിലാണ് ഓർമ്മയാചരണ കർമ്മങ്ങൾ ക്രമീകരിക്കുന്നത്. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഓർമ്മയാചരണത്തിൽ നമ്മുടെ സഭയിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരും സംബന്ധിക്കുന്നതാണ്. വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരും, റമ്പാന്മാരും, ബഹു. വൈദികരും സന്യസ്തരും ദൈവജനവും എല്ലാ കർമ്മങ്ങളിലും വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പുരാതനമായ ചിങ്ങവനം തേർവ്വാലടി കുടുംബത്തിലെ കൊച്ചുതൊമ്മന്റെ നാലാമത്തെ പുത്രനായ തൊമ്മൻ കുരുവിളയുടെയും പള്ളം ഒറ്റത്തൈയ്ക്കൽ മാണിയുടെ ഏകമകൾ നൈത്തിയമ്മയുടെയും ദ്വിതീയ പുത്രനായി 1884 ജനുവരി മാസം നാലാം തീയതി അദ്ദേഹം ഭൂജാതനായി. പിതാവ് ശ്രീ തൊമ്മൻ കുരുവിള തിരുവിതാംകൂർ പ്രജാസഭയിൽ അംഗമായിരുന്നു. മാതൃഗൃഹമായ ഒറ്റത്തെയ്ക്കൽ കുടുംബം ഭൗതിക സമ്പത്തിൽ സമ്പന്നവും ആത്മീകതയിൽ അതിസമ്പന്നവുമായിരുന്നു. ഏകമകളായിരുന്ന നൈത്തിയമ്മ കുടുംബസ്വത്തിന്റെ മുഴുവൻ അവകാശിയുമായിരുന്നു. അക്കാലത്ത് കോട്ടയം പഴയ സെമിനാരിയിൽ നിന്നും പരുമല സെമിനാരിയിലേക്ക് യാത്രചെയ്തിരുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും ബഹു. വൈദികർക്കും ഒറ്റത്തെയ്ക്കൽ ഭവനം ഭക്ഷണത്തിനും വിശ്രമത്തിനും ഒരു ഇടത്താവളമായിരുന്നു. വൈദിക മേലദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും സന്ദർശനങ്ങൾ ബാലനായ കുരുവിള തോമസ്സിൽ ആദ്ധ്യാത്മിക ചൈതന്യം വളരുവാനും വൈദിക ദൈവവിളി രൂപപ്പെടുവാനും ഇടയാക്കി. അമ്മയുടെ പ്രാർത്ഥനാ ജീവിതം അദ്ദേഹത്തിൽ പ്രാർത്ഥനയുടെയും തപസ്സിന്റെയും അരൂപി ആഴപ്പെടുത്തി.

പള്ളം സി. എം. എസ്സ്. സ്കൂൾ, കോട്ടയം സി. എം. എസ്സ്. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. തോമസിന്റെ ആദ്ധ്യാത്മിക താല്പര്യം തിരിച്ചറിഞ്ഞ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി പതിനെട്ടാമത്തെ വയസ്സിൽ ശെമ്മാശ്ശപട്ടം നല്കി. സുറിയാനി ഭാഷയും സഭാനടപടിക്രമങ്ങളും ആരാധനാനുഷ്ഠാനങ്ങളും നന്നായി പഠിച്ച ശെമ്മാശ്ശന് ഇരുപത്തി എട്ടാം

വയസ്സിൽ ക്നാനായ ഭദ്രാസനത്തിന്റെ ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കശ്ശീശ്ശാപട്ടം നല്കി. സഭാചരിത്ര പഠനം യേശുക്രിസ്തു സ്ഥാപിച്ച സഭയുടെ പൂർണ്ണത പരിശുദ്ധ കത്തോലിക്കാ സഭയിലാണ് എന്ന ബോദ്ധ്യത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജയിംസ് കാളാശ്ശേരി പിതാവിന്റെയും കോട്ടയം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെയും നേതൃത്വത്തിൽ നടന്നിരുന്ന പുനഃരൈക്യശ്രമങ്ങളെ ബഹു. തോമസ് ഒറ്റത്തെയ്ക്കൽ അച്ചൻ സസൂക്ഷ്മം നിരീക്ഷിക്കുകയും സഭാചരിത്രം ആഴത്തിൽ പഠനവിഷയമാക്കുകയും ചെയ്തുകൊണ്ടിരുന്നു. ക്നാനായ യാക്കോബായ മെത്രാപ്പോലീത്ത ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനിയും കോട്ടയം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയും തമ്മിൽ നടന്നുകൊണ്ടിരുന്ന പുനഃരൈക്യ ചർച്ചകളെക്കുറിച്ചും അന്ത്യോക്യൻ ആരാധനാക്രമം പരിശുദ്ധ കത്തോലിക്ക സഭയിൽ അനുവദിച്ച് കിട്ടിയാൽ താനും ക്നാനായ യാക്കോബായ സമുദായാംഗങ്ങളും പുനഃരൈക്യപ്പെടുവാൻ തയ്യാറാണെന്ന് മാർ സേവേറിയോസ് തിരുമേനി മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയോട് സമ്മതിച്ചിരുന്നതായുമെല്ലാം ബഹു. തോമസ് ഒറ്റത്തെയ്ക്കൽ അച്ചൻ മനസ്സിലാക്കിയിരുന്നു. അതിനാൽ പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്ന് സഭാപൂർണ്ണത നേടണമെന്നും അതുവഴി ക്നാനായ സമുദായത്തെ കൂടുതൽ ശക്തിപ്പെടുത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. 1921-ൽ അദ്ദേഹം പുനഃരൈക്യപ്പെട്ട് കോട്ടയം രൂപതയിൽ ചേർന്ന് ഇടയ്ക്കാട് പള്ളിയിൽ താമസമാക്കി. 1921 ജൂലൈ 5-ാം തീയതി അന്ത്യോക്യൻ സുറിയാനി റീത്ത് ഉപയോഗിക്കുന്നതിനുള്ള അനുവാദം റോമിൽ നിന്ന് ലഭിച്ചതനുസരിച്ച് കത്തോലിക്കാ സഭയിൽ അന്ത്യോക്യൻ സുറിയാനി റീത്തിൽ അദ്ദേഹം വിശുദ്ധ കുർബാന അർപ്പിച്ചു.

ക്നാനായ യാക്കോബായ ഭദ്രാസനാദ്ധ്യക്ഷൻ ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആരോഗ്യ കാരണങ്ങളാൽ ഒരു സഹായമെത്രാനെ വേണമെന്ന ആഗ്രഹം അറിയിച്ചതിൻ പ്രകാരം സമുദായം ഏകകണ്ഠമായി കണ്ടെത്തിയത് ഒറ്റത്തെയ്ക്കൽ ബഹു. തോമസ്സ് അച്ചനെയാണ്. 1926 ഏപ്രിൽ കൂടിയ ക്നാനായ സമുദായ സമിതി ബഹു. തോമസ് ഒറ്റത്തെയ്ക്കൽ അച്ചന്റെ ജീവിതവിശുദ്ധിയും സമുദായ സ്നേഹവും കാര്യപ്രാ

പ്തിയും പരിഗണിച്ച് അദ്ദേഹത്തെ മെത്രാനായി തെരഞ്ഞെടുത്തു. ക്നാനായ യാക്കോബായ സഭയിൽ മെത്രാൻ സ്ഥാനത്തിന് മറ്റൊരു വൈദികനെ കണ്ടെത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ അദ്ദേഹം സമുദായത്തിന്റെ ആവശ്യത്തിന് വഴങ്ങിക്കൊടുത്തു. ബഹു. തോമസ് ഒറ്റത്തെയ്ക്കൽ അച്ചൻ ക്നാനായ യാക്കോബായ ഭദ്രാസനത്തിന്റെ മെത്രാനാകുന്നത് സമുദായത്തിന്റെ പുനഃരൈക്യത്തിനും ഐക്യത്തിനും സഹായകമാകുമെന്ന് കരുതി മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവും ബഹു. തോമസ് ഒറ്റത്തെയ്ക്കൽ അച്ചന്റെ തീരുമാനത്തിന് എതിരുനിന്നില്ല. 1926 നവംബർ 11-ാം തീയതി ജറുസലേമിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് മാർ ദിയസ്ക്കോറോസ് എന്ന നാമത്തിൽ അദ്ദേഹം മെത്രാഭിഷേകം സ്വീകരിച്ചു. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹായ മെത്രാപ്പോലീത്തായായി ചുമതലയേറ്റു. 1927 ജൂൺ 11-ാം തീയതി മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ക്നാനായ ഭദ്രാസനാദ്ധ്യക്ഷനായി ചുമതല യേറ്റു. അദ്ദേഹത്തിന്റെ നേതൃത്വകാലം (1927-1939) സമുദായത്തിന് നേട്ടങ്ങളുടെ കാലമായിരുന്നു.

ഭദ്രാസനത്തിന് ഒരു ആസ്ഥാനം പണിയാൻ ക്നാനായ സമുദായ സമിതി തെരഞ്ഞെടുത്ത സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ബഹു. ഒറ്റത്തെയ്ക്കൽ അച്ചൻ ചിങ്ങവനത്ത് നിർമ്മാണം ആരംഭിച്ചിരുന്ന സഭാ ആസ്ഥാനം പണിപൂർത്തിയാക്കി മാർ അപ്രേം സെമിനാരി എന്ന നാമകരണം ചെയ്തതിന് പുറമെ കുറിച്ചി വനിതാമന്ദിരം, റാന്നി എം. എസ്സ്. ഹയർ സെക്കന്ററി സ്കൂൾ തുടങ്ങി സമുദായത്തിന്റെ അഭിമാനമായ പല സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ ഭരണകാല നേട്ടങ്ങളാണ്.

ക്നാനായ ഭദ്രാസനത്തിന്റെ സർവ്വസമ്മതനായ മെത്രാപ്പോലീത്തായായി സഭയ്ക്കും സമുദായത്തിനും വേണ്ടി അനേക കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹത്തിന്റെ ഹൃദയവും ആത്മാവും പരിശുദ്ധ കത്തോലിക്കാ സഭയിലായിരുന്നു. ക്നാനായ യാക്കോബായ സഭാംഗങ്ങളെ എല്ലാവരെയും കൂട്ടി പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പുനഃരൈക്യപ്പെട്ട് സഭാ പൂർണ്ണതയും സമുദായ ശാക്തീകരണവും നേടുവാൻ അദ്ദേഹ

ത്തിന്റെ ഹൃദയം വെമ്പൽകൊണ്ടിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20-ന് സാർത്ഥകമായ മലങ്കര പുനഃരൈക്യം അദ്ദേഹത്തെ കൂടുതൽ ആവേശഭരിതനാക്കി. സമുദായത്തിന്റെ ഒന്നടങ്കമുള്ള പുനഃരൈക്യത്തിനുവേണ്ടി കാത്തിരിക്കാതെ 1939 നവംബർ 12-ാം തീയതി അദ്ദേഹം തിരുവനന്തപുരത്ത് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ സമക്ഷം സത്യവിശ്വാസം ഏറ്റുപറഞ്ഞ് പുനഃരൈക്യപ്പെട്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ചേർന്നു. തിരുവല്ലായിൽ മടങ്ങിയെത്തി ചെറുപുഷ്പഗിരി അരമനയിൽ യാക്കോബ് മാർ തെയോഫിലോസ്, ജോസഫ് മാർ സേവറിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം താമസിച്ചു. തുടർന്ന് തിരുമൂലപുരത്ത് മാർ ഈവാനിയോസ് പിതാവ് പുനഃരൈക്യത്തിനുവേണ്ടി കണ്ണീർവാർത്ത് പ്രാർത്ഥിക്കുകയും തപസ്സനുഷ്ഠിക്കുകയും ചെയ്ത ചെറുഭവനത്തിലേയ്ക്ക് താമസം മാറ്റി.

സഭയിൽ എന്തെങ്കിലും പദവികളോ സ്ഥാനങ്ങളോ ഭരണപരമായ ചുമതലകളോ ഏറ്റെടുക്കാതെ പ്രാർത്ഥനയിലും, തപസ്സിലും ശിഷ്ടജീവിതം നയിക്കുകയായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. നാനാജാതിമതസ്ഥരായ അനേകർ പ്രാർത്ഥനയും അനുഗ്രഹവും തേടി അനുദിനം അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തിയിരുന്നു. ക്നാനായ യാക്കോബായ ഭദ്രാസനാദ്ധ്യക്ഷ സ്ഥാനത്തേക്ക് അദ്ദേഹത്തെ തിരികെ കൊണ്ടുവരുന്നതിന് സമുദായനേതാക്കളും കുടുംബാംഗങ്ങളും പലവിധ ശ്രമങ്ങളും നടത്തിയിരുന്നു. അധികാരത്തേക്കാൾ അധികം ആത്മരക്ഷയും സത്യവിശ്വാസവുമാണ് തനിക്ക് പ്രധാനമെന്നു പറഞ്ഞ് അവരെയൊക്കെ അദ്ദേഹം മടക്കി അയച്ചു എന്നു മാത്രമല്ല അവരിൽ ചിലരെ കത്തോലിക്കാ സഭയിലേക്ക് പുനഃരൈക്യപ്പെടുത്തുകയും ചെയ്തു. മലങ്കരയിലെ അകത്തോലിക്കാ സഭാമക്കളുടെയെല്ലാം പുനഃരൈക്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ശിഷ്ടായുസ്സ് ഒരു താപസ്സനായി അദ്ദേഹം തിരുമൂലപുരത്ത് താമസിച്ചു. ക്നാനായ യാക്കോബായ ഭദ്രാസനത്തിനുവേണ്ടിയുള്ള കഠിനാദ്ധ്വാനം അദ്ദേഹത്തെ രോഗിയാക്കിയിരുന്നു. നോമ്പും ഉപവാസവും പ്രമേഹരോഗിയായിരുന്ന അദ്ദേഹത്തെ കൂടുതൽ ക്ഷീണിതനാക്കി. ശരീരം ക്ഷീണിതമായിരിക്കുമ്പോഴും അദ്ദേഹത്തിന്റെ മുഖം ആത്മിക പ്രഭയാൽ കൂടുതൽ കൂടുതൽ ശോഭിച്ചുകൊണ്ടിരുന്നു. 1943 ഫെബ്രുവരി 21-ാം തീയതി കൊഹനെ ഞായറാഴ്ച അദ്ദേഹത്തിന്റെ ആത്മാവ് സ്വർഗ്ഗപിതാവിന്റെ

പക്കലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം പിറ്റേ ദിവസം തിരുമൂല പുരം സെന്റ് തോമസ് ബഥനി പള്ളിയോട് ചേർന്ന് പ്രത്യേകം തയ്യാർ ചെയ്ത കബറിൽ അടക്കംചെയ്തു. തിരുമൂലപുരം ഇടവക ദൈവാലയം ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പുനഃപ്രതിഷ്ഠ നടത്തിയ തിനെ തുടർന്ന് 1955 സെപ്റ്റംബർ 18-ാം തീയതി അദ്ദേഹത്തിന്റെ ഭൗതിക ശേഷിപ്പുകൾ പുതിയ പള്ളിയുടെ കെസ്ത്രൂമായിൽ പ്രത്യേകം തയ്യാറാക്കിയ കബറിലേക്ക് മാറ്റി അടക്കം ചെയ്തു. അദ്ദേഹത്തിന്റെ കബറിടം അനേകർക്ക് അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും ആശ്രയമാണ്. നാനാജാതിമതസ്ഥർ കബറിങ്കലെത്തി നേർച്ച കാഴ്ചകൾ സമർപ്പിച്ച് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. നോമ്പും പ്രാർത്ഥനയും ത്യാഗ പ്രവർത്തികളും ഉപവാസവും തപസ്സുംകൊണ്ട് മലങ്കര പുനഃരൈക്യസംരംഭത്തെ ബലപ്പെടു ത്തിയ വന്ദ്യപിതാവ് സ്വർഗ്ഗത്തിലിരുന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുവേണ്ടിയും മലങ്കരയിലെ സഭകളുടെ ഐക്യത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നു.

ഭാഗ്യസ്മരണാർഹനായ മാർ ദിയസ്കോറസ് മെത്രാപ്പോലീ ത്തായുടെ ഓർമ്മപ്പെരുന്നാളിന്റെ പ്ലാറ്റിനം ജൂബിലി ആചരണത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

ആയത്, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തി ന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും,സകലവിശുദ്ധരുടെയും പ്രാർത്ഥനക ളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

N.B: ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്ര ങ്ങളിലും വായിക്കേണ്ടതാണ്.

## 75-ാം ഓർമ്മപ്പെരുന്നാൾ കാര്യപരിപാടികൾ

**2018 ഫെബ്രുവരി 22 വ്യാഴം:**

5.00 pm **വിശുദ്ധ സമൂഹബലി**
(മലങ്കര കത്തോലിക്കാ സഭയിലെ വന്ദ്യ വികാരി ജനറാൾമാരുടെയും തിരുവല്ല അതിഭദ്രാസനത്തിലെ മേഖലാ വികാരിമാരുടെയും കാർമികത്വത്തിൽ)
**അനുസ്മരണപ്രസംഗം:**
**അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**
(കോട്ടയം അതിരൂപതാദ്ധ്യക്ഷൻ)
**കബറിങ്കൽ ധൂപപ്രാർത്ഥന**

**2018 ഫെബ്രുവരി 23 വെള്ളി:**

രാവിലെ 6 മണി മുതൽ കബറിങ്കൽ അഖണ്ഡപ്രാർത്ഥന
6.00 pm സന്ധ്യാപ്രാർത്ഥന, കബറിങ്കൽ ധൂപാർപ്പണം.

**2018 ഫെബ്രുവരി 24 ശനി:**

8.00 am പ്രഭാത പ്രാർത്ഥന
**വിശുദ്ധ സമൂഹബലി**
മുഖ്യ കാർമ്മികൻ: **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ**
മലങ്കര സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സഹകാർമ്മികർ
**അനുസ്മരണം**
**ശ്രാദ്ധനേർച്ച.**

# കുടുംബം, യുവജനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു

"കുടുംബങ്ങളുടെ സഭാത്മകമായ കെട്ടുറപ്പും വിശുദ്ധീകരണവും", "യുവജനരൂപീകരണവും യുവജന വർഷവും", എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് നടത്തപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 22-ാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. ആഗോള കത്തോലിക്കാ സഭയിൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 22-ാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2018 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച മുതൽ 23-ാം തീയതി വെള്ളിയാഴ്ച വരെ സഭാ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ സഭാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. 19-ാം തീയതി രാവിലെ 9 മണിക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തിരുമേനിമാരുടെ സഹകാർമികത്വത്തിലും നടത്തപ്പെട്ട വി. കുർബാനയോടെയാണ് 22-ാം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് തുടക്കംകുറിച്ചത്. 2018 ജനുവരി 16-ാം തീയതി കാലംചെയ്ത പുത്തൂർ ഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോലിത്താ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയെ വി. കുർബാന മധ്യേ പ്രത്യേകം അനുസ്മരിക്കുകയും വി. കുർബാനയ്ക്കുശേഷം ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

5 ദിവസമായി നടന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഔദ്യോഗികമായ ഉദ്ഘാടനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവഹിച്ചു. തുടർന്ന് 21-ാം തീയതി

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട് അവതരണവും 5 ദിവസങ്ങളിലെ കാര്യാലോചന വിഷയങ്ങളും അവതരിപ്പിക്കപ്പെട്ടു.

2018 ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്രേഷിത ശുശ്രൂഷകൾ നിർവഹിക്കുന്ന വിവിധങ്ങളായ സന്യാസ-സന്യാസിനി സമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരുമായുള്ള കൂടികാഴ്ച നടന്നു. സഭാശുശ്രൂഷകളിൽ പരസ്പരമുള്ള ബന്ധങ്ങളിലൂടെ പരസ്പരം ശക്തിപ്പെടണമെന്നും ദൈവവചനത്തിന്റെ യഥാർത്ഥ ശുശ്രൂഷാവാഹകരായി മലങ്കര സഭയുടെ ചൈതന്യം കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ശുശ്രൂഷാവേദികൾ കണ്ടെത്തണമെന്നും പരിശുദ്ധ കാതോലിക്കാബാവാ തന്റെ ആമുഖസന്ദേശത്തിൽ വിവിധ മേജർ സുപ്പീരിയർമാരോട് ഉദ്ബോധിപ്പിച്ചു. തുടർന്ന് ഓരോ സന്യാസസമൂഹങ്ങളും കഴിഞ്ഞ ഒരു വർഷം സുവിശേഷവത്കരണമേഖലയിൽ തങ്ങൾ നിർവഹിച്ച ബഹുവിധ ശുശ്രൂഷകളുടെ സംക്ഷിപ്തമായ ഒരു റിപ്പോർട്ട് സുന്നഹദോസ് സമക്ഷം സമർപ്പിച്ചു. ഓഖി ദുരിതബാധിത മേഖല യിൽ സന്യാസസമൂഹങ്ങൾ നടത്തിയ സേവനങ്ങളെക്കുറിച്ചും, നൽകിയ ഉദാരമായ സംഭാവനകളെക്കുറിച്ചും, റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിന്റെ സമാപനത്തിൽ സി.എസ്.ഐ. സഭയുടെ മോഡറേറ്റർ അഭിവന്ദ്യ തോമസ് കെ. ഉമ്മൻ തിരുമേനിയെ അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ സന്തോഷം പങ്കുവയ്ക്കുകയും ആദരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ സ്വാഗതം ചെയ്യുകയും സി.ബി.സി.ഐ. വൈസ് പ്രസിഡന്റും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി അഭിവന്ദ്യ തോമസ് കെ. ഉമ്മൻ പിതാവിന് ആശംസകൾ നേർന്ന് സംസാരിക്കുകയും മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി സഭയുടെ പ്രത്യേക സമ്മാനം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണി മുതൽ പരിശുദ്ധ സുന്നഹദോസ് പിതാക്കന്മാർ മലങ്കര മേജർ സെമിനാരി സന്ദർശിക്കുകയും വൈദിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരുമായും വൈദികവിദ്യാർത്ഥികളുമായും കൂടിക്കാഴ്ച നടത്തുകയും ചെയ്തു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലിലൂടെ സഭാത്മകമായി

വളർത്തുവാൻ ഓരോരുത്തരും പരിശ്രമിക്കണമെന്ന് സുന്നഹദോസ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. യുവാക്കൾ, യുവാവായ ക്രിസ്തുവിന്റെ ചൈതന്യം പ്രകടമാക്കുവാനും ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ പ്രാപ്തരാകണമെന്നും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ബോധിപ്പിച്ചു.

ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ വിവിധ സുന്നഹദോസ് കമ്മീഷനുകളുടെ സെക്രട്ടറിമാരുടെ മീറ്റിംഗ് നടത്തപ്പെട്ടു. തദവസരത്തിൽ ഓരോ കമ്മീഷനുകളും കഴിഞ്ഞ ഒരു വർഷകാലത്തെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ഭാവി പരിപാടികളെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കുടുംബം, യുവാക്കൾ, അല്മായർ, വിശ്വാസ പരിശീലനം തുടങ്ങിയ കമ്മീഷനുകളുടെ സമൂഹത്തിലുള്ള സ്വാധീനം ആഴത്തിൽ ചർച്ചചെയ്യപ്പെട്ടു. മീറ്റിംഗിന്റെ അവസാനം പുതുതായി പണിത സുന്നഹദോസ് കമ്മീഷൻ ഓഫീസുകളുടെ ആശിർവാദം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സുന്നഹദോസ് പിതാക്കന്മാരുടെയും സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിമാരുടെയും സാന്നിദ്ധ്യത്തിൽ നിർവഹിച്ചു.

22-ാം തീയതി വ്യാഴാഴ്ച രാവിലെ ഭാഗ്യസ്മരണാർഹനായ തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലിത്തായെ അനുസ്മരിച്ചുകൊണ്ടുള്ള വി. കുർബാന കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ മുഖ്യകാർമികത്വം വഹിച്ചു. വി. കുർബാന മധ്യേ ഭാഗ്യസ്മരണാർഹനായ തോമസ് മാർ ദിയസ്കോറസ് തിരുമേനിയെ അനുസ്മരിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭ സുന്നഹദോസ് സെക്രട്ടറിയും തിരുവല്ലാ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി വചനപ്രഘോഷണവും നടത്തി. അന്നേദിവസം രാവിലെ 9 മണി മുതൽ 1 മണി വരെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവിധ ഭദ്രാസനങ്ങളിൽ, വിദ്യാഭ്യാസ മേഖലയിൽ ശുശ്രൂഷ നിർവഹിക്കുന്ന സ്ക്കൂൾ കറസ്പോണ്ടന്റ് അച്ചൻമാരുടെയും അൺ-എയ്ഡഡ് ഹൈസ്ക്കൂളുകളുടെയും കോളേജുകളുടെയും പ്രിൻസിപ്പൽമാർക്കുവേണ്ടിയും സി.ബി.സി.ഐ.യുടെ വിദ്യാഭ്യാസ പോളിസി

യെക്കുറിച്ചുള്ള സെമിനാർ നടത്തപ്പെട്ടു. സി.ബി.സി.ഐ. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോസഫ് മണിപ്പാടം എസ്.ഡി.ബി. സെമിനാറിന് നേതൃത്വം നൽകി. തുടർന്ന് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലിത്താ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയെ അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും ഭാരതം പത്മഭൂഷൺ നൽകി ആദരിച്ചതിലും 100-ാം വയസിന്റെ നിറവിലും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദരവും ആശംസകളും അറിയിക്കുകയും ചെയ്തു. സഭയുടെ ആശംസകൾ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയും അർപ്പിച്ചു. സഭയുടെ വക ഉപഹാരം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിക്ക് സമ്മാനിച്ചു.

ആഗോളസഭയെ സംബന്ധിക്കുന്നതും മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രത്യേകമായി സ്വാധീനിക്കുന്നതുമായ സുപ്രധാന വിഷയങ്ങൾ പരിശുദ്ധ സുന്നഹദോസ് വളരെ ആഴത്തിലുള്ള പഠനങ്ങൾക്കും ചിന്തകൾക്കും വിധേയമാക്കി. 2018 ഒക്ടോബർ മാസം റോമിൽ വച്ച് നടക്കുന്ന പിതാക്കന്മാരുടെ 15-ാമത് സാധാരണ ജനറൽ അസംബ്ലിയുടെ പ്രധാന വിഷയം യുവജനങ്ങളെ സംബന്ധിച്ചുള്ളതാകയാൽ, ഈ വിഷയത്തെക്കുറിച്ചുള്ള തുടർ പഠനങ്ങൾക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജനങ്ങളെ സുന്നഹദോസ് പിതാക്കന്മാർ ആഹ്വാനം ചെയ്യുകയും അതിൻപ്രകാരം 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ യുവജനവർഷമായി കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അസംബ്ലി 2019-ൽ നടത്താനുള്ള തീരുമാനവും സുന്നഹദോസ് കൈകൊണ്ടു. പ്രസ്തുത അസംബ്ലിയുടെ പൊതുപഠനവിഷയമായ 'കുടുംബങ്ങളുടെ സഭാത്മകമായ കെട്ടുറപ്പും വിശുദ്ധീകരണവും' എന്ന വിഷയത്തെ എടുക്കുവാനും തീരുമാനിച്ചു.

'കുടുംബം' എന്ന വിഷയത്തെ അധികരിച്ച് സഭാതല അസംബ്ലി 5 വർഷം നീണ്ടുനിൽക്കുന്ന കാലയളവിൽ വ്യക്തി, കുടുംബം, ഇടവക, വൈദികജില്ല, ഭദ്രാസനം തുടങ്ങി സഭ ഒന്നാകെ ഈ

അടിസ്ഥാന വിഷയത്തിന്റെ വിവിധ ഘടകങ്ങളെ ആസ്പദമാക്കി പരിശോധനകളും പര്യാലോചനകളും പഠനങ്ങളും നടത്തുന്നതിന് പരി. സുന്നഹദോസ് ആഹ്വാനം ചെയ്തു. അതിന്റെ വെളിച്ചത്തിൽ സഭാതലത്തിൽ നടത്തുന്ന അസംബ്ലിയിൽ ഈ വിഷയം അവലോകനവിധേയമാക്കി, മാർഗരേഖ തയ്യാറാക്കുന്നതാണ്. ഈ വിഷയത്തിന്റെ പ്രാഥമിക പഠനരേഖ തയ്യാറാക്കുന്നതിന് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയൂസ് തിരുമേനി അധ്യക്ഷനായുള്ള ഒരു കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

സുന്നഹദോസിന്റെ അവസാനദിനമായ 23-ാം തീയതി പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ തിരുമേനിയുടെ നിർദേശാനുസരണം പരി. സുന്നഹദോസ് സൗത്ത് സുഡാൻ, കോംഗോ, മഡഗാസ്കർ തുടങ്ങിയ പ്രദേശങ്ങളിൽ യുദ്ധം, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയുണ്ടായി.

പരി. സുന്നഹദോസിന്റെ ഔദ്യോഗിക സമാപന സന്ദേശത്തിൽ ഇന്നത്തെ പ്രത്യേക സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ ഭാരതത്തിനുവേണ്ടിയും ഭാരതത്തിലെ സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ കാതോലിക്കാബാവാ ആഹ്വാനം ചെയ്തു. നാം പ്രാർത്ഥിക്കുന്ന സമൂഹമാണ്. അതിനാൽ നമ്മുടെ പ്രാർത്ഥന കൊണ്ടും ആത്മസമർപ്പണംകൊണ്ടും ജനാധിപത്യ മൂല്യങ്ങളെ സജീവമായി നിലനിർത്തേണ്ടതിന്റെ ആവശ്യകതയും കാതോലിക്കാബാവാ എടുത്തുപറഞ്ഞു. നമ്മുടെ നാടിനെ നടുക്കിയ ഓഖി ചുഴലിക്കാറ്റുണ്ടാക്കിയ ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് ഏതാണ്ട് ഒന്നര കോടിയിലധികം രൂപ മേജർ അതിഭദ്രാസനം മലങ്കര സഭയിലെ മറ്റ് ഭദ്രാസനങ്ങളും സന്യാസ സമൂഹവും ഒന്നുചേർന്ന് ഒരു സഭയായി സമാഹരിച്ചു നൽകാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രകടിപ്പിച്ചു.

പരി. ഫ്രാൻസിസ് മാർപാപ്പാ തിരുമേനി സുവിശേഷാത്മകമായി നൽകുന്ന ശ്ലൈഹിക നേതൃത്വത്തിന്റെ കീഴിൽ ഒന്നുചേർന്ന്, പരി. പിതാവിന്റെ ആഹ്വാനമനുസരിച്ച് വിനീതരായും സംശുദ്ധരായും സമാധാനത്തിന്റെ ശുശ്രൂഷികളായും ക്രൈസ്തവ വിശ്വാസ

ത്തിന്റെ ഉത്തമസാക്ഷികളായി നാം ജീവിക്കണമെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ബോധിപ്പിച്ചു.

ഉച്ചകഴിഞ്ഞ് 1 മണിക്ക് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ കബറിങ്കൽ നടത്തിയ ഉച്ചനമസ്കാരത്തോടും ധൂപപ്രാർത്ഥനയോടും കൂടി 22-ാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഔദ്യോഗികമായി സമാപിച്ചു.

## ഭാഗ്യസ്മരണാർഹനായ ആബൂൻ തോമസ് മാർ ദിയോസ്കോറസ് തിരുമേനിയുടെ 75-ാം ഓർമ്മപ്പെരുന്നാൾ

പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ ആബൂൻ തോമസ് മാർ ദിയോസ്കോറസ് തിരുമേനിയുടെ 75-ാം ഓർമ്മപ്പെരുന്നാൾ പ്ലാറ്റിനം ജൂബിലിയായ് 2018 ഫെബ്രുവരി 24-ന് തിരുമേനി കബറടങ്ങിയിരിക്കുന്ന തിരുമൂലപുരം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന നടന്നു. തിരുവല്ലാ അതിഭദ്രാസനാധിപനും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി, പത്തനംതിട്ട ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, മാവേലിക്കര ഭദ്രാസനാധിപൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ഗുഡ്ഗാവ് ഭദ്രാസനാധിപൻ അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി, മൂവാറ്റുപുഴ ഭദ്രാസനാധിപൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനി, മാർത്താണ്ഡം ഭദ്രാസനാധിപൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി, കൂരിയാ മെത്രാനും യൂറോപ്പ്-ഓഷ്യാനയുടെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി, പൂനാ-കട്കി എക്സാർക്കേറ്റ് അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി

എന്നിവർ സഹകാർമ്മികരായി. വി. കുർബാനയെത്തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും നടന്നു.

## ശ്രാദ്ധപ്പെരുന്നാൾ

ഭാഗ്യസ്മരണാർഹനായ ആബൂൻ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ 41-ാം ഓർമ്മദിനം ശ്രാദ്ധപ്പെരുന്നാളായി 2018 ഫെബ്രുവരി 26-ന് തിരുമേനി കബറടങ്ങിയിരിക്കുന്ന തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷിച്ചു. രാവിലെ 6.30-ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന നടന്നു. തിരുവല്ലാ അതിഭദ്രാസനാധിപനും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി, മാവേലിക്കര ഭദ്രാസനാധിപൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ഗുഡ്ഗാവ് ഭദ്രാസനാധിപൻ അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി, പുത്തൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനി, പൂനാ-കട്കി എക്സാർക്കേറ്റ് അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി എന്നിവർ സഹകാർമ്മികരായി. വി. കുർബാനയെത്തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടന്നു.

## ബഹു. വൈദികരുടെ നോമ്പുകാലധ്യാനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർക്കായി ഒരു ഏകദിന നോമ്പുകാലധ്യാനം 2018 മാർച്ച് 8-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കും. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ തിരുമേനി ധ്യാനം നയിക്കും. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ ഐറേനിയോസ് തിരുമേനിയും പങ്കെടുക്കും.

## കുരിശ്ശടി കൂദാശ

കഴക്കൂട്ടം വൈദികജില്ലയിലെ മരിയനഗർ സെന്റ് മേരീസ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പരി. ദൈവമാതാവിന്റെ നാമധേയത്തിൽ പുതുതായി നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാ കർമ്മം 2018 ഫെബ്രുവരി 18 വൈകുന്നേരം 4.00-ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## അറിയിപ്പ്

കിളിമാനൂർ വൈദികജില്ലയിലെ പാപ്പാല മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു ശിങ്കാരിമേളം 'പാപ്പാല തരംഗിണി' എന്ന പേരിൽ ആരംഭിച്ചിരിക്കുന്നു. മിതമായ നിരക്കിൽ പെരുന്നാൾ ആവശ്യങ്ങൾക്കും മറ്റും ബുക്കിംഗിന് സമീപിക്കാവുന്നതാണ്.

ശ്രീ. അരുൺ (കോർഡിനേറ്റർ) - 9061506778

# വിശ്വാസപരിശീലന കാര്യാലയം

## സംയുക്തയോഗം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വിവിധ വൈദിക ജില്ലകളിലെ ബഹു. ജില്ലാ ഡയറക്ടർ അച്ചന്മാർ, ആനിറ്റേർ സിസ്റ്റേഴ്സ്, കേന്ദ്ര സമിതി അംഗങ്ങൾ എന്നിവരുടെ ഒരു സംയുക്തയോഗം 2018 ഫെബ്രുവരി 13-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പ്രസ്തുത യോഗത്തിൽ വച്ച് കഴിഞ്ഞ 3 വർഷങ്ങളായി വിശ്വസ പരിശീലന ഡയറക്ടറായി സേവനം ചെയ്ത, വെരി റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിലിന് യാത്രയയപ്പും പുതിയ ഡയറക്ടറായി നിയമിതനായ റവ. ഫാ. ഡാനിയേൽ കുളങ്ങരയ്ക്ക് ഊഷ്മളമായ സ്വാഗതവും നൽകി. തദവസരത്തിൽ മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സ്ഥാനമൊഴിയുന്ന ഡയറക്ടറച്ചന് നന്ദിയും പുതുതായി ചുമതല ഏറ്റെടുത്തിരിക്കുന്ന റവ. ഫാ. ഡാനിയേൽ കുളങ്ങരയ്ക്ക് സ്വാഗതവും ആശംസിച്ച് സംസാരിച്ചു. കേന്ദ്ര സമിതി അംഗങ്ങളായ ശ്രീ. കെ. റ്റി. തോമസ്, ശ്രീ. പ്രദീപ്രാജ് എന്നിവർ ആശംസകൾ അർപ്പിച്ചു.

## പരീക്ഷകൾ

രണ്ടാം സെമസ്റ്റർ പരീക്ഷ – 08-04-2018 (ഞായർ)
സമയം – 2.00 pm - 4.00 pm
സ്ഥലം – അതാത് ഇടവകകൾ

വാർഷിക, മത്സരപരീക്ഷ – 2018 ഏപ്രിൽ 29 (ഞായർ)
സമയം – 2.00 pm - 4.30 pm
സ്ഥലം – (അതാത് ജില്ലാ കേന്ദ്രങ്ങൾ)

## എം.ബി. ഒ.സി. (ക്രേദോ 2018)

എം.ബി.ഒ.സി. രജിസ്റ്റർ ചെയ്യാനുള്ളവർ എത്രയും പെട്ടെന്ന് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള ഇടവകകൾക്കാവശ്യമായ പുസ്തകങ്ങളുടെയും ബാഡ്ജുകളുടെ എണ്ണം ഉടൻ തന്നെ കേന്ദ്ര ഓഫീസിൽ അറിയിക്കണം.

# സന്മാർഗ്ഗപാഠ വാർഷിക പരീക്ഷ

2017–2018 അധ്യയന വർഷത്തെ സന്മാർഗ്ഗപാഠ പരീക്ഷ 2018 ജനുവരി 19–ാം തീയതി സ്കൂളുകളിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അധ്യാപർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും, അനുമോദിക്കുന്നതോടൊപ്പം മേജർ അതിഭദ്രാസന തലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ അഭിനന്ദനം അറിയിക്കുന്നു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കു വേണ്ടി ക്രമീകരിച്ചിരിക്കുന്ന സമ്മാനങ്ങൾ കേന്ദ്ര ഓഫീസിൽ നിന്നും ചുമതലയുള്ള അധ്യാപകർ സ്വീകരിക്കേണ്ടതാണ്.

## സന്മാർഗ്ഗപാഠ വാർഷിക പരീക്ഷാ ഫലം

### Std. I

| | | |
|---|---|---|
| Ist | അഭിഷേക് എസ്. എസ്. | - MSCLPS പാമ്പുകാല |
| IInd | ശ്രീഹരി. പി | - മാർ ഇവാനിയോസ് LPS അമ്പിളിക്കോണം |
| IIIrd | അനീറ്റ അന്ന വിനോയി | - സ്നേഹഗിരി LPS പുലിയൂർ |

### Std. II

| | | |
|---|---|---|
| Ist | ആഷിക. ജെ. എസ് | - മാർ ഇവാനിയോസ് LPS അമ്പിളിക്കോണം |
| IInd | അന്ന എൽ. ബൈജു | - MSCLPS പാമ്പുകാല |
| IIIrd | ആഷ്മി എ. എസ് | - സെന്റ് തോമസ് ബഥനി സ്കൂൾ, കുളത്താമൽ |

### Std. III

| | | |
|---|---|---|
| Ist | ബ്ലെസി. എസ്. രാജ് | - മാർ ഇവാനിയോസ് LPS, അമ്പിളിക്കോണം |
| IInd | ആർഷ പി. എ. | - സെന്റ്തോമസ് ബഥനി, കുളത്താമൽ |
| IIIrd | ജോയൽ ജി. മോഹൻ | - ലിറ്റിൽ ഫ്ളവർ സ്കൂൾ, പുത്തൂർ |
| IIIrd | ആര്യാ സി. | - MSCLPS പാമ്പുകാല |

### Std. IV

| | | |
|---|---|---|
| Ist | അനക്സാ സെൽവൻ | - MSCLPS പാമ്പുകാല |
| IInd | ജോഫിൻ. എസ്. ബി. | - സെന്റ് തോമസ് ബഥനി സ്കൂൾ കുളത്താമൽ |
| IIIrd | സുബിത രാജ്. എസ്. വി. | - മാർ ഇവാനിയോസ് സ്കൂൾ, അമ്പിളിക്കോണം |

### Std V

| | | |
|---|---|---|
| Ist | അഹല്യ വി. | - മാർ ഇവാനിയോസ് സ്കൂൾ, അമ്പിളിക്കോണം |
| IInd | ആര്യ എസ്. എസ്. | - സെന്റ് തോമസ് ബഥനി സ്കൂൾ, കുളത്താമൽ |
| IIIrd | ദിയ എൻ. എസ് | - സെന്റ് തോമസ് UP School പോത്തൻകോട് |

Std. VI

| | | | |
|---|---|---|---|
| I st | ഗോപിക കെ. എസ്. | - | സെന്റ് തോമസ് ബഥനി സ്കൂൾ, കുളത്താമൽ |
| II nd | അഭിന ജെ. കുമാർ | - | മാർ ഈവാനിയോസ്, അമ്പിളികോണം |
| III rd | നന്ദന വി. ആർ | - | സ്നേഹഗിരി, പുലിയൂർ |
| III rd | ആരതി | - | സെന്റ് തോമസ് UPS പോത്തൻകോട് |

Std. VII

| | | | |
|---|---|---|---|
| I st | അനശ്വര റ്റി. എസ്. | - | മാർ ഈവാനിയോസ് സ്കൂൾ, അമ്പിളികോണം |
| II nd | അഭിരാമി എം.എം. | - | സെന്റ് മേരീസ് HSS, കിഴക്കേത്തെരുവ് |
| III rd | ഷാരോൺ എസ്.എസ്. | - | മാർ ഇവാനിയോസ്, അമ്പിളിക്കോണം |

## എം.സി.വൈ.എം

## മേജർ അതിഭദ്രാസന വാർഷിക സെനറ്റ് സമ്മേളനവും തെരഞ്ഞെടുപ്പും

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ 2017 കർമ്മവർഷത്തെ വാർഷിക സെനറ്റ് സമ്മേളനം 2018 ഫെബ്രുവരി 16, 17 തീയതികളിൽ അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ വച്ച് നടന്നു. വി. കുർബാനയുടെ ആരാധനയോടുകൂടി ആരംഭിച്ച സെനറ്റ് സമ്മേളനത്തിൽ എട്ട് വൈദികജില്ലകളുടെയും പ്രവർത്തനറിപ്പോർട്ടും മേജർ അതിഭദ്രാസന സമിതിയുടെ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ച് പാസ്സാക്കി.

17-ന് രാവിലെ മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കരയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. എം.സി.വൈ.എം. സഭാതലസമിതി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ, മുൻ ഡയറക്ടർ വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ, മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര, അസി. ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് തുടങ്ങിയവർ സെനറ്റിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അതേത്തുടർന്ന് 2018-19 വർഷത്തെ പുതിയ ഭാര വാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

# മലങ്കര കാത്തലിക് അസോസിയേഷൻ

## വാർഷിക അസംബ്ലി

എം.സി.എ. മേജർ അതിഭദ്രാസന വാർഷിക അസംബ്ലി 2018 ജനുവരി 28 ഞായറാഴ്ച 3 pm ന് അടൂർ മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് മേജർ അതിഭദ്രാസന ഡയറക്ടർ വെരി റവ. ഫാദർ ഗീവർഗ്ഗീസ് നെടിയ ത്തിന്റെ നേതൃത്വത്തിൽ മേജർ അതിഭദ്രാസന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. ഒൻപത് വൈദികജില്ലയിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് മേജർ അതിഭദ്രാസന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തു.

## തെരഞ്ഞെടുപ്പ്

പാറശ്ശാല ഭദ്രാസന രൂപീകരണത്തോടെ കുറവുവന്ന ഏഴ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ പുതുതായി ഉൾപ്പെടുത്തി തെര ഞ്ഞെടുപ്പ് നടത്തി. മുൻ വൈസ് പ്രസിഡന്റായിരുന്ന ശ്രീമതി ജെസി ദിലീപിനെ ജനറൽ സെക്രട്ടറിയായും, മാനേജിംഗ് കമ്മറ്റി അംഗ മായിരുന്ന ശ്രീ കെ.റ്റി. തോമസിനെ സെക്രട്ടറിയായും തെരഞ്ഞെ ടുത്തു.

### പുതിയ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

1. ജോളി ചാക്കോ - വൈസ് പ്രസിഡന്റ്, വനിത, പുനലൂർ
2. പ്രിൻസി ടോം - മാനേജിംഗ് കമ്മിറ്റി അംഗം, അടൂർ
3. സാലിജോസ് - മാനേജിംഗ് കമ്മിറ്റി അംഗം, ആയൂർ
4. പൊന്നമ്മ ഫാബിയാൻ - മാനേജിംഗ് കമ്മിറ്റി, അഞ്ചൽ
5. ജോയ് തോമസ് - മാനേജിംഗ് കമ്മിറ്റി, കിളിമാനൂർ
6. ലിസി മാത്യു - മാനേജിംഗ് കമ്മിറ്റി അംഗം, കൊട്ടാരക്കര

തുടർന്ന് പുതിയ ജനറൽ സെക്രട്ടറി ശ്രീമതി ജെസി ദിലീപ് നന്ദി പറഞ്ഞു.

അതിനുശേഷം ഡയറക്ടർ അച്ചന്റെ ആശീർവാദത്തോടു കൂടി അസംബ്ലി അവസാനിച്ചു.

# മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി

## കേരള വനിതാ കമ്മീഷൻ റിസോഴ്സ് മീറ്റിംഗ്

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പ്രീ-മാരിറ്റൽ കൗൺസലിംഗിന്റെ പഠന ഉപകരണ നിർമ്മിതിയ്ക്കുള്ള റിസോഴ്സ് ടീമിന്റെ പരിശീലനം ഫെബ്രുവരി 1-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കേരള വനിത കമ്മീഷൻ അംഗം ശ്രീമതി ഇ.എം.രാധ, ഡയറക്ടർ ശ്രീ. കെ.യു. കുര്യാക്കോസ്, കൗൺസലിംഗ് വിദഗ്ധരായ റവ. ഫാ. ജോയി ജെയിംസ്, റവ. ഫാ. ജോൺ പടിപുരയ്ക്കൽ, പ്രൊഫസർ എ. ജി. ജോർജ്, ഡോ. അരുൺ വി. നായർ, ശ്രീ റ്റി. എ വർഗ്ഗീസ്, ശ്രീ രാജൻ എം. കാരക്കാട്ടിൽ എന്നിവർ പങ്കെടുത്തു.

## സെൻസ് പദ്ധതി മെന്റർ സന്ദർശനം

സെൻസ് പദ്ധതിയുടെ ഭാഗമായിട്ടുള്ള മെന്റർ ശ്രീമതി ബ്രഹത, പദ്ധതിയും അതിന്റെ പ്രവർത്തന രീതികളും ഫെബ്രുവരി 1 മുതൽ 6 വരെയുള്ള തീയതികളിൽ പൂർത്തിയാക്കി. 6-ാം തീയതി നടന്ന വിലയിരുത്തൽ യോഗത്തിൽ ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, ശ്രീമതി ബ്രഹത, ശ്രീ അഭിലാഷ്, പ്രോജക്ട് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## പ്രീ- മാരിറ്റൽ കൗൺസലിംഗ് - കണ്ണൂർ ജില്ലാതല യോഗം

കേരള വനിതാ കമ്മീഷനും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നടപ്പിലാക്കുന്ന പ്രീ- മാരിറ്റൽ കൗൺസലിംഗിന്റെ ഒരു അവലോകന യോഗം ഫെബ്രുവരി 7 -ാം തീയതി കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ നടന്നു. എം.എസ്.എസ്.എസ് ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത് , വനിതാ കമ്മീഷൻ അംഗം ശ്രീമതി ഇ.എം. രാധ, സുശീല പഠന കേന്ദ്രം ഡയറക്ടർ സുകന്യ, രാജൻ എം. കാരക്കാട്ടിൽ, ജോർജ് ഡാനിയേൽ, ഡിജു ഡാനിയേൽ, അജിൻ ജോൺ എന്നിവർ പങ്കെടുത്തു.

## SLF വിലയിരുത്തൽ യോഗം

SLF പദ്ധതിയുടെ ഒരു വിലയിരുത്തൽ യോഗം ഫെബ്രുവരി 8-ാം തീയതി ശ്രോതസ്സിൽ വച്ചു നടന്നു. ശ്രീമതി ജിയാ രാജ് നേതൃത്വം നൽകി.

## SAFP വിലയിരുത്തൽ യോഗം

SAFP പദ്ധതിയുടെ ഒരു വിലയിരുത്തൽ യോഗം ഫെബ്രുവരി 8-ാം തീയതി ശ്രോതസ്സിൽ വച്ചു നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത് നേതൃത്വം നൽകി.

## പ്രോജക്ട് ഫൈനാൻസ് റിവ്യൂ മീറ്റിംഗ്

എം.എസ്.എസ്.എസ് ന്റെ വിവിധ പ്രോജക്ടുകളുടെ ധനകാര്യ വിശകലന യോഗം ഫെബ്രുവരി 9-ാം തീയതി ശ്രോതസ്സിൽ വച്ചു നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, രാജൻ എം. കാരക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

## SAFP ജനറൽ ബോഡി യോഗം

ഫെബ്രുവരി 13-ാം തീയതി എറണാകുളത്തു വച്ചു നടന്ന SAFP ജനറൽ ബോഡി യോഗത്തിൽ എം.എസ്.എസ്.എസ് ഡയറക്ടർ ഫാ. തോമസ് മുളുംപുറത്ത് പങ്കെടുത്തു.

## SAFP റീജണൽ യോഗം പോത്തൻകോട്

SAFP പദ്ധതിയുടെ പോത്തൻകോട് മേഖലാതല യോഗം ഫെബ്രുവരി 13- ാം തീയതി പോത്തൻകോട് സെന്റ് തോമസ് സ്കൂളിൽ വച്ചു നടന്നു. സിസ്റ്റർ സൂക്തി തോമസ്, ജെസ്സി രാജൻ, രേവതി മോഹൻ എന്നിവർ നേതൃത്വം നൽകി.

## പ്രീ- മാരിറ്റൽ കൗൺസലിംഗ് - കോട്ടയം ജില്ലാതല യോഗം

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള പ്രീ-മാരിറ്റൽ കൗൺസലിംഗിന്റെ കോട്ടയം, ജില്ലയിലെ ഉപദേശക സമിതി യോഗം ഫെബ്രുവരി 14 തീയതി നടന്നു. ഡയറക്ടർ ഫാ.തോമസ് മുകളുംപുറത്ത് , വനിത കമ്മീഷൻ അംഗം ശ്രീമതി ഇ.എം രാധ, കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ,

സിസ്റ്റർ ജെ. സീന സെബാസ്റ്റ്യൻ, ശ്രീ. ജോബി മാത്യു, രാജൻ എം. കാരക്കാട്ടിൽ ജോർജ് ഡാനിയേൽ, ഡിജു ഡാനിയേൽ, അജിൻ ജോൺ എന്നിവർ പങ്കെടുത്തു.

## പ്രീ- മാരിറ്റൽ കൗൺസലിംഗ് - മലപ്പുറം ജില്ലാതല യോഗം

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള പ്രീ- മാരിറ്റൽ കൗൺസലിംഗിന്റെ മലപ്പുറം ജില്ലയിലെ ഉപദേശക സമിതി യോഗം ഫെബ്രുവരി 15 തീയതി പെരുന്തൽമണ്ണ നഗരസഭ കാര്യാലയത്തിൽ നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, പെരുന്തൽമണ്ണ മുൻസിപാലിറ്റി ചെയർമാൻ ശ്രീ മുഹമ്മദ് സലിം, രാജൻ എം. കാരക്കാട്ടിൽ, ജോർജ് ഡാനിയേൽ, ഡിജു ഡാനിയേൽ, അജിൻ ജോൺ എന്നിവർ പങ്കെടുത്തു.

## DDU - GKY മൊബലൈസേഷൻ ക്യാമ്പ്

DDU- GKY പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കടയ്ക്കൽ, നിലമേൽ, ചടയമംഗലം, അഞ്ചൽ, വെളിയം, നെടുംമ്പന, എഴുകോൺ എന്നീ പഞ്ചായത്തുകളിൽ മൊബലൈസേഷൻ ക്യാമ്പുകൾ ഫെബ്രുവരി 14 മുതൽ 16 വരെയുള്ള തീയതികളിൽ നടന്നു. ശ്രീ. ജോർജ് ഡാനിയേൽ, ജിൻസി എസ്.എസ്, ബിന്ദു ബേബി എന്നിവർ നേതൃത്വം നൽകി.

## SAFP റീജണൽ മീറ്റിംഗ് അഞ്ചൽ

SAFP പദ്ധതിയുടെ അഞ്ചൽ മേഖലതല യോഗം ഫെബ്രുവരി 17-ാം തീയതി അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ വച്ചു നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, ജോർജ് ഡാനിയേൽ, രാജുമോൻ, ജിയാ രാജ്, രേവതി മോഹൻ എന്നിവർ നേതൃത്വം നൽകി.

## പ്രീ- മാരിറ്റൽ കൗൺസലിംഗ്

കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിയ പ്രീ- മാരിറ്റൽ കൗൺസലിംഗ് പരിപാടി ഫെബ്രുവരി 21, 22 തീയതികളിൽ സ്രോതസ്സിൽ വച്ചു നടന്നു. എം.എസ്.എസ്.എസ് ഡയറക്ടർ ഫാ. തോമസ്

മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടനകർമ്മം വനിതാ കമ്മീഷൻ അംഗം ശ്രീമതി ഇ.എം.രാധ നിർവ്വഹിച്ചു. ഡയറക്ടർ കെ.യു. കുര്യാക്കോസ്, രാജൻ എം. കാരക്കാട്ടിൽ, ഡിജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു. തുടർന്നു നടന്ന രണ്ടു ദിവസത്തെ പരിശീലന പരിപാടിയിൽ ഫാ. ജോൺ പടിപുരയ്ക്കൽ, ഡോ. ഷബ്ന, ഡോ. ലിസ്സി ഷാജഹാൻ, ഡോ. ദേവിക, ഡോ. ആൽഫ്രെട്ട് ജോർജ്, പ്രൊഫസർ എ.ജി. ജോർജ്, അഡ്വ. ലിജോ റോയ്, ശ്രീ. റ്റി. എ. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. മൂന്നു സെക്ഷനുകളിലായി നടന്ന പരിശീലന പരിപാടിയിൽ 137 പേർ പങ്കെടുത്തു. സമാപന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും വനിതാ കമ്മീഷൻ ഡയറക്ടർ ശ്രീ. കെ. യു. കുര്യാക്കോസ് നിർവ്വഹിച്ചു. സിസ്റ്റർ ലിസ്ബെത്ത്, രാജൻ എം.കാരക്കാട്ടിൽ, ഡിജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.

## SAFP റീജണൽ യോഗം ബാലരാമപുരം

SAFP പദ്ധതിയുടെ ബാലരാമപുരം മേഖലാതല യോഗം ഫെബ്രുവരി 24- ാം തീയതി ബാലരാമപുരം നസ്രത്ത് ഹോമിൽ വച്ചു നടന്നു. സിസ്റ്റർ സൂക്തി തോമസ്, പുഷ്പം ജോസ്, ജിയാ രാജ് എന്നിവർ നേതൃത്വം നൽകി.

## SAFP റീജണൽ യോഗം നെടുമങ്ങാട്

SAFP പദ്ധതിയുടെ നെടുമങ്ങാട് മേഖലാതല യോഗം ഫെബ്രുവരി 27- ാം തീയതി നെടുമങ്ങാട് ബഥനിയിൽ വച്ചു നടന്നു. സിസ്റ്റർ സൂക്തി തോമസ്, ജിയാ രാജ്, ബിന്ദു ബേബി എന്നിവർ നേതൃത്വം നൽകി.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 26 കുടുംബങ്ങൾക്ക് 2,76,564 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 48,000 രുപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 9,500 രൂപയും നൽകി.

# മാതൃസംഘം

## മേജർ അതിഭദ്രാസന ഭാരവാഹി തെരഞ്ഞെടുപ്പ്

2018 മെയ് 1–ന് രാവിലെ 10.00–ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മാതൃസംഘം ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. താഴെപ്പറയുന്ന നിബന്ധനകൾ വിധേയമായി യൂണിറ്റ്, വൈദികജില്ലാ തെരഞ്ഞെടുപ്പുകൾ ഉടനെ പൂർത്തിയാക്കണം.

### നിബന്ധനകൾ

1. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, സെനറ്റ് മെംബർ എന്നീ ആറ് അംഗങ്ങളെ തെരഞ്ഞെടുക്കണം.
2. അനുഭവ സമ്പത്തുള്ളവരെ സെനറ്റ് മെമ്പറായി തെരഞ്ഞെടുക്കുന്നതാണ് ഉചിതം.
3. യൂണിറ്റ് സെനറ്റ് അംഗങ്ങളിൽ നിന്നും വൈദികജില്ലാ ഭാരവാഹികളെ തെരഞ്ഞെടുക്കണം.
4. വൈദികജില്ലയിൽ നിന്നും ഓരോ സെനറ്റ് മെമ്പർമാരെ മേജർ അതിഭദ്രാസന സമിതിയിലേക്ക് അയയ്ക്കുക.
5. വൈദികജില്ലയിൽ നിന്നും അയച്ച സെനറ്റ് മെമ്പർമാരിൽ നിന്നും മേജർ അതിഭദ്രാസന ഭാരവാഹികളെ തെര ഞ്ഞെടുക്കുന്നു.
6. യൂണിറ്റ് ഭാരവാഹികൾ ജില്ലാ ഭാരവാഹിത്വത്തിലേക്കോ ജില്ലാ ഭാരവാഹികൾ മേജർ അതിഭദ്രാസ ഭാരവാഹിത്വത്തിലേക്കോ തെരഞ്ഞെടുക്കപ്പെടാതിരിക്കുക.

റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിൽ
ഡയറക്ടർ

റവ. സി. ആദർശ എസ്.ഐ.സി.
ആനിമേറ്റർ

ശ്രീമതി ജിജി മത്തായി
പ്രസിഡന്റ്

# ഇടയനാളാഗമം
## ഫെബ്രുവരി 2018
## (പ്രധാന പരിപാടികൾ)

**ഫെബ്രുവരി 1-9**

ബാംഗ്ലൂരിൽ സെൻ്റ് ജോൺസ് മെഡിക്കൽ കോളേജിൽ നടന്ന കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ (സി.ബി.സി.ഐ.) 33-ാമത് പ്ലീനറി അസംബ്ലി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംബന്ധിച്ചു.

**ഫെബ്രുവരി 10**

ഉജ്ജെയിനിൽ എം.എസ്.റ്റി. കോൺഗ്രിഗേഷൻ്റെ സുവർണ്ണ ജൂബിലി മെമ്മോറിയൽ പ്രെയർ ഹട്ട് കൂദാശ ചെയ്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഉജ്ജെയിനിലെ പുഷ്പ ഹോസ്പിറ്റലിൻ്റെ സുവർണ്ണ ജൂബിലി മെമ്മോറിയൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 11**

ഉജ്ജെയിനിൽ എം.എസ്.റ്റി. കോൺഗ്രിഗേഷൻ്റെ സെൻ്റ് പോൾസ് റീജിയൻ്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 13**

പട്ടം തിരുസന്നിധി അരമനയിൽ വച്ച് ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് വിതരണം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 14**

രാവിലെ 10.00-ന് നാലാഞ്ചിറ സ്നേഹവീട്ടിൽ വി. കുർബാന അർപ്പിച്ചു.

**ഫെബ്രുവരി 15**

രാവിലെ 9.30-ന് നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ മാർ ഈവാനിയോസ് ഓട്ടോണമസ് കോളേജിന്റെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംബന്ധിച്ചു.

**ഫെബ്രുവരി 16**

രാവിലെ 6.30-ന് കേശവദാസപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകിട്ട് 4.00-ന് പുനലൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടക്കുന്ന 2-ാമത് 'പുനലൂർ മലങ്കര കാത്തലിക് കൺവെൻഷൻ' ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 17**

രാവിലെ 8.00-ന് കറ്റാനം മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ നടന്ന റവ. ഡോ. ആന്നിയിൽ നൈനാൻ തരകന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് അനുമോദന സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 123-ാം മാരാമൺ കൺവെൻഷന്റെ മിഷണറി സംഗമത്തിൽ വചനപ്രഘോഷണം നടത്തി.

**ഫെബ്രുവരി 18**

രാവിലെ 10.00-ന് പുനലൂർ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ പുനലൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടക്കുന്ന 'രണ്ടാം പുനലൂർ മലങ്കര കാത്തലിക് കൺവെൻഷ'നിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകിട്ട് 4.00-ന് തിരുവനന്തപുരം മരിയനഗർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വചനസന്ദേശം നൽകി. തുടർന്ന് ദൈവാലയാങ്കണത്തിൽ പുതുതായി പരി. ദൈവമാതാവിന്റെ നാമധേയത്തിൽ നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**ഫെബ്രുവരി 19–23**

പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 22–ാം സാധാരണ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ച് സംബന്ധിച്ചു.

**ഫെബ്രുവരി 24**

രാവിലെ 8.00–ന് തിരുമൂലപുരം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഭാഗ്യസ്മരണാർഹനായ തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ 75–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകിട്ട് 5.00–ന് മാർ ഈവാനിയോസ് കോളേജ് ഗ്രൗണ്ടിൽ ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 'റെക്സ് ബാന്റ്' സംഗീതനിശ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 26**

രാവിലെ 6.30–ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 41–ാം ഓർമ്മദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് കബറിങ്കൽ നടന്ന ധൂപപ്രാർത്ഥനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

**ഫെബ്രുവരി 27**

രാവിലെ 10.00–ന് നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോയിലെ ആദ്യബാച്ചിന്റെ ബിരുദദാന സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 28**

അജപാലന സന്ദർശനത്തിനായ് കുവൈറ്റിലേക്ക് യാത്ര തിരിച്ചു.

# സ്മരണീയ ദിനങ്ങൾ

## മാർച്ച് 2018

| | | |
|---|---|---|
| 4 | ഞായർ | **ക്നാനയ്തോ ഞായർ**<br>(കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ നാലാം ഞായർ |
| 5 | തിങ്കൾ | **മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ വാർഷികം (2007)** |
| 7 | **ബുധൻ** | **പകുതി നോമ്പ് –** ഗോഗുൽത്താ സ്ഥാപനം |
| 10 | ശനി | **അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2007)** |
| 11 | **ഞായർ** | **ക്പിഫ്തൊ ഞായർ** (കൂനിയെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ അഞ്ചാം ഞായർ |
| 13 | ചൊവ്വ | **അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ് (2010), തോമസ് മാർ അന്തോണിയോസ് (2010), സാമുവേൽ മാർ ഐറേനിയോസ് (2010), ഫിലിപ്പോസ് മാർ സ്തേഫാനോസ് (2010), എന്നീ തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം (2010)** |
| 17 | ശനി | വി. പാട്രിക്ക് |
| 18 | **ഞായർ** | **സമിയോ ഞായർ** (കുരുടനെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ ആറാം ഞായർ<br>(അടുത്ത വെള്ളിയാഴ്ച നാല്പതാം വെള്ളിയാഴ്ചയാണ്. അടുത്ത ഞായർ ഓശാന. കുരുത്തോല, പൂക്കൾ എന്നിവ കൊണ്ടുവരാൻ വിശ്വാസികളെ ഓർമ്മിപ്പിക്കണം)<br>ജറുസലേമിലെ മാർ കൂറിലോസ്<br>**അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ** |
| 19 | തിങ്കൾ | **മാർ യൗസേഫ്** |

| | | |
|---|---|---|
| 21 | ബുധൻ | മാർ യോഹന്നാൻ ക്ലീമാക്കൂസ് |
| 23 | **വെള്ളി** | **നാല്പതാം വെള്ളി** (ഉപവാസവും നാല്പതു കുമ്പിടീലും ഇല്ല) |
| 24 | ശനി | ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ച |
| 25 | **ഞായർ** | **ഓശാന ഞായർ** |
| | | (വൈകുന്നേരം മുതൽ ഹാശാ ആഴ്ച ആരംഭിക്കുന്നു. പ്രത്യേക പ്രാർത്ഥനകളെക്കുറിച്ചും വർജ്ജനകളെക്കുറിച്ചും വിശ്വാസികളെ ഓർമ്മിപ്പിക്കണം) |
| | | **വി. ദൈവമാതാവിനോടുള്ള വചനിപ്പ്** |
| | | **വികാരിക്കുർബാന** |
| | | വാദേ ദൽമീനോ |
| | | **സാമൂഹ്യക്ഷേമ ദിനം** |
| 26 | തിങ്കൾ | ഹാശാ തിങ്കൾ |
| | | **ഗുഡ്ഗാവ് ഭദ്രാസനത്തിന്റെയും കഡ്കി എക്സാർക്കേറ്റിന്റെയും സ്ഥാപനം. (2015)** |
| 27 | ചൊവ്വ | ഹാശാ ചൊവ്വാ |
| 28 | ബുധൻ | ഹാശാ ബുധൻ |
| 29 | **വ്യാഴം** | **പെസഹാവ്യാഴം** |
| 30 | വെള്ളി | **ദു:ഖവെള്ളി** |
| 31 | ശനി | ദു:ഖ ശനി |

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

2018 മാർച്ച് 9, 10, 11 – മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

2018 ഏപ്രിൽ 13, 14, 15 – മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

# ജന്മദിനാശംസകൾ

## മാർച്ച് 2018

01 - റവ. ഫാ. അരുൺ ഏറത്ത്
03 - റവ. ഫാ. മാത്യൂസ് ആലുമ്മൂട്ടിൽ
04 - റവ. ഫാ. കോശി ചിറക്കരോട്ട്
07 - റവ. ഫാ. ജയിംസ് ചരുവിള
08 - റവ. ഫാ. അനൂപ് തോംസൺ
09 - റവ. ഫാ. ജോൺ പുന്നാറ
11 - റവ. ഫാ. സെബാസ്റ്റ്യൻ ചരുവിള
12 - റവ. ഫാ. സാമുവേൽ പാറവിള
15 - റവ. ഫാ. ജോർജ് ഭട്ടശ്ശേരിൽ
15 - റവ. ഫാ. ജോസ് പ്രസാദ് വാലുപറമ്പിൽ
20 - റവ. ഫാ. ജോൺ കാരവിള
23 - റവ. ഫാ. തോമസ് പുതുപ്പറമ്പിൽ
24 - റവ. ഫാ. പി. റ്റി. ജോർജ്ജ്

# പ്രാർത്ഥനയിൽ ഓർക്കാം

## മാർച്ച് 2018

04 - റവ. ഫാ. ജോഷ്വാ കുന്നേത്തേത്ത്
04 - റവ. ഫാ. ജോർജ്ജ് പ്ലാവിളയിൽ
05 - റവ. ഫാ. തോമസ് കൈതനാൽ
05 - റവ. ഫാ. ജോസഫ് വടക്കേക്കുറ്റ്
10 - റവ. ഫാ. ചാണ്ടിപ്പിള്ള പാമ്പുരേത്ത്
13 - റവ. ഫാ. കുര്യാക്കോസ് കോയിക്കൽ
14 - റവ. ഫാ. ജോസഫ് പുത്തൻപുരയിൽ
18 - റവ. ഫാ. മത്തായി കരിങ്ങാട്ടിൽ
18 - റവ. ഫാ. തോമസ് വലിയവിളയിൽ
22 - റവ. ഫാ. മത്തായി കല്ലട
30 - റവ. ഫാ. ആന്റണി കേളംപറമ്പിൽ

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

# മാർച്ച് 2018

| | | |
|---|---|---|
| 1-2 | കുവൈറ്റ് | |
| 3 | കറവൂർ | |
| 4 | ചിറ്റടി (മുണ്ടക്കയം) | |
| 5 | 10.00 am | കോട്ടയം |
| | 05.00 pm | നാലാഞ്ചിറ |
| 6 | പട്ടം തിരുസന്നിധി അരമന ചാപ്പലിന്റെ മൂറോൻ കൂദാശയുടെ ഒന്നാം ഭാഗം | |
| 8 | 09.30 am | കത്തീഡ്രൽ (നോമ്പുകാല വൈദിക കൂട്ടായ്മ) |
| | 02.30 pm | പട്ടം തിരുസന്നിധി അരമന ചാപ്പലിന്റെ മൂറോൻ കൂദാശയുടെ രണ്ടാം ഭാഗം |
| 10 | 06.30 am | പട്ടം |
| 11 | കോയമ്പത്തൂർ (കൺവെൻഷൻ) | |
| 12 | അടൂർ | |
| 13 | മഞ്ഞക്കാല | |
| 19 | പിരപ്പൻകോട് | |
| | 06.30 pm | നാലാഞ്ചിറ |
| 21 | പത്തനംതിട്ട | |
| 25 | കത്തീഡ്രൽ | |
| 29 | കത്തീഡ്രൽ | |
| 30 | വേങ്ങൂർ | |
| 31 | കത്തീഡ്രൽ | |



ഭാഗ്യസ്മരണാർഹനായ
ആബൂൻ തോമസ് മാർ ദിയോസ്കോറസ് തിരുമേനിയുടെ
75-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന
വിശുദ്ധ കുർബാനയിൽ നിന്നും
(തിരുമൂലപുരം, 2018 ഫെബ്രുവരി 24)



ഭാഗ്യസ്മരണാർഹനായ
ആബൂൻ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ
41-ാം ഓർമ്മദിനത്തോടനുബന്ധിച്ച് നടന്ന
വിശുദ്ധ കുർബാനയിൽ നിന്നും
(സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല 2018 ഫെബ്രുവരി 26)

# മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ സ്ഥാനാരോഹണ വാർഷികം

(മാർച്ച് 5)



**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷ പദവിയിൽ 11 വർഷങ്ങൾ പൂർത്തിയാക്കുന്ന മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിക്ക്**

**പ്രാർത്ഥനാശംസകൾ**

**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116, 2443374